**കേരള സർക്കാർ**

**സംഗ്രഹം**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സർവ്വീസിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുന്നതും, NJD ഒഴിവ് പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതും സംബന്ധിച്ച് പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

**സ.ഉ (അച്ചടി) നം. 15/ 2020/ ഉഭപവ** **തിരുവനന്തപുരം, തീയതി : 28/ 10/ 2020**

==============================================================

പരാമർശം:- 1) സ.ഉ(പി) നം. 14/ 99/ ഉ.ഭ.പ.വ, തീയതി 17.07.1999.

2) സർക്കുലർ നം. 5966/ ഉപസി3/ 2000/ ഉഭപവ തീയതി 28.06.2000.

3) സർക്കുലർ നം. 5624/ ഉപസി3/ 2007/ ഉഭപവ തീയതി 23.11.2009.

4) സ.ഉ.(പി) നം. 54/ 2012/ ഉഭപവ , തീയതി 12.10.2012.

5) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 03.04.2019 തീയതിയിലെ A5(1) 4354/ 2012 -GW നം. കത്ത്.

**ഉത്തരവ്**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് പ്രവേശന കാലം ദീർഘിപ്പിച്ചു നൽകുന്നതും (Joining Time Extension), NJD (Not Joining Duty) ഒഴിവ് പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതും സംബന്ധിച്ച് പരാമർശ സർക്കുലറുകൾ, ഉത്തരവുകൾ എന്നിവ പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു.

2. കേന്ദ്രസർക്കാർ, ഇതര സംസ്ഥാന സർക്കാർ, കേന്ദ്ര/സംസ്ഥാന/ഇതര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നതും, ഗവേഷണത്തിൽ (പി.എച്ച്.ഡി) ഏർപ്പെട്ടിരിക്കുന്നതും, കേരള പി.എസ്.സി. മുഖേന നിയമന ശുപാർശ ലഭിച്ചതുമായ ഉദ്യോഗാർത്ഥികളും ഡ്യൂട്ടിയിൽ പ്രവേശിക്കുന്നതിന് സമയം ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, കേരള പി.എസ്.സിയുമായി കൂടിയാലോചിക്കുകയും ചെയ്യുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ കേരള പി.എസ്.സി. മുഖേന നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് സമയം

ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ചും, NJD ഒഴിവ് പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ചും നിലവിലുള്ള സർക്കുലറുകളും, ഉത്തരവുകളും അതിലംഘനം ചെയ്ത് കൊണ്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) എല്ലാ നിയമനാധികാരികളും ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന നിയമന ഉത്തരവിൽ അവർക്ക് ഡ്യൂട്ടിയിൽ പ്രവേശിക്കുവാൻ സാധാരണ ഗതിയിൽ അനുവദനീയമായ പരമാവധി സമയം (തീയതി ഉൾപ്പടെ) വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. "അടിയന്തരമായി ഡ്യൂട്ടിയിൽ പ്രവേശിക്കേണ്ടതാണ്", "ഉടൻ ജോലിയിൽ പ്രവേശിക്കുക" ഇപ്രകാരമുള്ള വ്യക്തതയില്ലാത്ത വാചകങ്ങൾ നിയമന ഉത്തരവിൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(ii) അർഹതയുള്ള കേസുകളിൽ, അപേക്ഷയുടെ അടിസ്ഥാനത്തിൽ നിയമന ഉത്തരവ് തീയതി മുതൽ പരമാവധി 45 (നാൽപ്പത്തിയഞ്ച്) ദിവസം വരെ നിയമനാധികാരിക്ക് പ്രവേശന സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

(iii) ഏതെങ്കിലും വിദ്യാഭ്യാസ കോഴ്സ് ചെയ്തുകൊണ്ടിരിക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും ട്രെയിനിംഗിൽ പങ്കെടുത്തു കൊണ്ടിരിക്കുന്നതോ ആയ ഉദ്യോഗാർത്ഥികൾക്ക് അത് പൂർത്തിയാക്കുന്നതിനായി നിയമനാധികാരി അനുവദിച്ച 45 (നാൽപ്പത്തിയഞ്ച്) ദിവസങ്ങൾക്ക് മുകളിൽ പ്രവേശന സമയം ആവശ്യമായി വരുന്നപക്ഷം പ്രസ്തുത കോഴ്സ് / ട്രെയിനിംഗ് പൂർത്തിയാക്കുവാൻ പരമാവധി ആറ് മാസത്തിൽ (180 ദിവസം) താഴെ മാത്രം സമയം മതിയെങ്കിൽ പ്രസ്തുത സമയം വരെ (നിയമന ഉത്തരവ് തീയതി മുതൽ പരമാവധി 180 ദിവസം വരെ) സർക്കാർ തലത്തിൽ (ഗവ.സെക്രട്ടറിയേറ്റിലെ ബന്ധപ്പെട്ട ഭരണവകുപ്പിന്) ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇപ്രകാരം പ്രവേശന സമയം ദീർഘിപ്പിച്ചു ലഭിക്കുന്നതിനുള്ള അപേക്ഷ അസ്സൽ കോഴ്സ് സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ സഹിതം ഉദ്യോഗാർത്ഥികൾ നിയമന അധികാരി മുമ്പാകെ യഥാസമയം സമർപ്പിക്കേണ്ടതും, നിയമന അധികാരി നിയമന ഉത്തരവ് തീയതി മുതൽ 45 (നാൽപ്പത്തിയഞ്ച്) ദിവസങ്ങൾക്കുള്ളിൽ അത് സർക്കാരിലേക്ക് (ഗവ.സെക്രട്ടറിയേറ്റിലെ ബന്ധപ്പെട്ട ഭരണവകുപ്പിന്) സമർപ്പിക്കേണ്ടതുമാണ്. വിദ്യാഭ്യാസ കോഴ്സ് /ട്രെയിനിംഗ് പൂർത്തിയാക്കുവാൻ നിയമന ഉത്തരവ് തീയതി മുതൽ ആറ് മാസത്തിലധികം (180 ദിവസത്തിലധികം) സമയം വേണ്ടി വരുന്ന ഉദ്യോഗാർത്ഥികൾക്ക് പരമാവധി 45 ദിവസംവരെ പ്രവേശനസമയം നിയമനാധികാരികൾക്ക് ദീർഘിപ്പിച്ച് നൽകാവുന്നതും പിന്നീട് ജോലിയിൽ പ്രവേശിച്ച ശേഷം KSR ഒന്നാം ഭാഗം അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ച് കോഴ്സ് /ട്രെയിനിംഗ് പൂർത്തിയാക്കാവുന്നതുമാണ്. ഇപ്രകാരമുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ ത്വരിത ഗതിയിൽ പരിശോധിച്ച തീർപ്പാക്കേണ്ടതാണ്.

(iv) വിദേശത്ത് ജോലിചെയ്തു വരുന്ന (NORKAS) ഉദ്യോഗാർത്ഥികൾ പ്രവേശന സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന പക്ഷം, നിയമന ഉത്തരവ് തീയതി മുതൽ പരമാവധി ആറ് മാസം വരെയോ (180 ദിവസം), വിദേശതൊഴിൽദാതാവുമായുള്ള കരാർ അവസാനിച്ചശേഷം ഒരു മാസമോ (30 ദിവസം) ഇവയിൽ ഏതാണോ ആദ്യം അതുവരെ നിയമനാധികാരിക്ക് തന്നെ പ്രവേശന സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് മുമ്പ് നിയമനാധികാരി വിദേശതൊഴിൽ ദാതാവുമായുള്ള കരാർ ലഭ്യമാക്കി അത് വിശദമായി പരിശോധിക്കേണ്ടതാണ്. നിയമന ഉത്തരവ് കൈപ്പറ്റിയ ശേഷമാണ് ഉദ്യോഗാർത്ഥി പ്രസ്തുത കരാറിൽ ഏർപ്പെട്ടിട്ടുള്ളതെങ്കിൽ പ്രവേശന സമയം ദീർഘിപ്പിച്ച് നൽകുവാൻ പാടുള്ളതല്ല. യാതൊരു കാരണവശാലും ആറുമാസത്തിൽ കൂടുതൽ ഇത്തരത്തിൽ പ്രവേശന സമയം ദീർഘിപ്പിച്ചു നൽകുവാനും പാടില്ല. ഇപ്രകാരം സർവ്വീസിൽ പ്രവേശിക്കുന്നവരുടെ സീനിയോറിറ്റി കണക്കാക്കുന്നത് KS&SSR രണ്ടാം ഭാഗം ചട്ടം 27(സി)യുടെ ഒന്നാം പ്രൊവിസോ പ്രകാരമായിരിക്കും എന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്.

(v) സംസ്ഥാനത്തിനകത്തോ, ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനങ്ങളിലോ സ്വകാര്യ മേഖലയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഉദ്യോഗാർത്ഥികൾ പ്രവേശന സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന പക്ഷം, നിയമന ഉത്തരവ് തീയതി മുതൽ പരമാവധി മൂന്ന് മാസം വരെ (90 ദിവസം) നിയമനാധികാരിക്ക് തന്നെ പ്രവേശന സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അത്തരത്തിൽ സമയം ദീർഘിപ്പിച്ച് നൽകുന്നതിന് മുമ്പ് നിയമനാധികാരി തൊഴിൽ ദാതാവുമായുള്ള കരാർ/ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി അത്. വിശദമായി പരിശോധിക്കേണ്ടതാണ്. നിയമന ഉത്തരവ് കൈപ്പറ്റിയ ശേഷമാണ് ഉദ്യോഗാർത്ഥി അത്തരം കരാറിൽ എർപ്പെട്ടിട്ടുള്ളതെങ്കിൽ, ഒരു കാരണവശാലും സമയം ദീർഘിപ്പിച്ച് നൽകുവാൻ പാടില്ല. യാതൊരു കാരണവശാലും മൂന്ന് മാസത്തിൽ കൂടുതൽ ഇത്തരത്തിൽ സമയം ദീർഘിപ്പിച്ചു നൽകുവാനും പാടുള്ളതല്ല.

(vi) അംഗീകൃത യൂണിവേഴ്സിറ്റികൾ/ സ്ഥാപനങ്ങളിൽ പൂർണ്ണ സമയ ഗവേഷണത്തിൽ (PhD) ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക്, പ്രസ്തുത ഗവേഷണം (PhD) പൂർത്തിയാക്കുന്നതിനായി നിയമനാധികാരി അനുവദിച്ച 45 (നാൽപ്പത്തിയഞ്ച്) ദിവസങ്ങൾക്ക് മുകളിൽ പ്രവേശന സമയം ആവശ്യമായി വരുന്ന പക്ഷം പ്രസ്തുത ഗവേഷണം പൂർത്തിയാക്കുവാൻ പരമാവധി ആറ് മാസത്തിൽ (180 ദിവസം) താഴെ മാത്രം സമയം മതിയെങ്കിൽ, പ്രസ്തുത സമയം വരെ (നിയമന ഉത്തരവ് തീയതി മുതൽ പരമാവധി 180 ദിവസം വരെ) സർക്കാർ തലത്തിൽ (ഗവ. സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പിന്) ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഇപ്രകാരം പ്രവേശന സമയം ദിർഘിപ്പിച്ചു ലഭിക്കുന്നതിനുള്ള അപേക്ഷ അസ്സൽ കോഴ്സ് സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ സഹിതം ഉദ്യോഗാർത്ഥികൾ നിയമന അധികാരി മുമ്പാകെ യഥാസമയം സമർപ്പിക്കേണ്ടതും,

നിയമനാധികാരി നിയമന ഉത്തരവ് തീയതി മുതൽ 45 (നാൽപ്പത്തിയഞ്ച്) ദിവസങ്ങൾക്കുള്ളിൽ അത് സർക്കാരിലേക്ക് (ഗവ. സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണവകുപ്പ്) സമർപ്പിക്കേണ്ടതുമാണ്. ഗവേഷണം പൂർത്തിയാക്കാൻ നിയമന ഉത്തരവ് തീയതി മുതൽ ആറ് മാസത്തിലധികം (180 ദിവസത്തിലധികം) സമയം വേണ്ടിവരുന്ന ഉദ്യോഗാർത്ഥികൾക്ക് പരമാവധി 45 (നാൽപ്പത്തിയഞ്ച്) ദിവസംവരെ പ്രവേശനസമയം നിയമനാധികാരികൾക്ക് ദീർഘിപ്പിച്ച് നൽകാവുന്നതും പിന്നീട് ജോലിയിൽ പ്രവേശിച്ച ശേഷം, KSR ഒന്നാം ഭാഗം അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ച് ഗവേഷണം പൂർത്തിയാക്കാവുന്നതുമാണ്. ഇപ്രകാരമുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ ത്വരിതഗതിയിൽ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്.

(vii) കേന്ദ്രസർക്കാർ, ഇതര സംസ്ഥാന സർക്കാർ, കേന്ദ്ര/സംസ്ഥാന/ ഇതരസംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് മതിയായ കാരണങ്ങളുള്ള പക്ഷം നിയമനാധികാരിക്ക് പരമാവധി മൂന്ന് മാസം (90 ദിവസം) വരെ പ്രവേശന സമയം ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

(viii) നിലവിൽ കേരള സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഔദ്യോഗിക കാരണങ്ങളാൽ വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുന്നതിനുള്ള കാലതാമസം മൂലം 45 ദിവസത്തിലധികം പ്രവേശനകാലാവധി ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ, വിടുതൽ ചെയ്യേണ്ട വകുപ്പിലെ നിയമനാധികാരിയുടെ ശുപാർശ സഹിതം അപേക്ഷ സമർപ്പിക്കുന്ന പക്ഷം ജോലിയിൽ പ്രവേശിക്കേണ്ട വകുപ്പിലെ നിയമനാധികാരിക്ക് നിയമന ഉത്തരവ് തീയതി മുതൽ പരമാവധി രണ്ട് മാസം വരെ (60 ദിവസം) പ്രവേശന സമയം ദിർഘിപ്പിച്ച് നൽകാവുന്നതാണ്. ഇപ്രകാരം അനുവദിക്കപ്പെടുന്ന പ്രവേശന സമയപരിധിക്ക് കുറഞ്ഞത് പത്ത് ദിവസം മുമ്പെങ്കിലും ബന്ധപ്പെട്ട നിയമനാധികാരി ഉദ്യോഗാർത്ഥിയുടെ വിടുതൽ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ix) അപകടം, രോഗം മുതലായവ മൂലമുള്ള ശാരീരിക അവശതകളുടെ കാരണത്താൽ 45 (നാൽപ്പത്തിയഞ്ച്) ദിവസത്തിലധികം പ്രവേശന കാലാവധി ആവശ്യമായി വരുന്ന ഉദ്യോഗാർത്ഥികൾ മെഡിക്കൽ സർട്ടിഫിക്കറ്റ് , മറ്റ് പ്രസക്ത രേഖകൾ സഹിതം അപേക്ഷ നിയമനാധികാരി മുമ്പാകെ യഥാസമയം സമർപ്പിക്കേണ്ടതും, നിയമനാധികാരി വ്യക്തമായ ശിപാർശയോടെ നിയമന ഉത്തരവ് തീയതി മുതൽ 45 (നാൽപ്പത്തിയഞ്ച്) ദിവസത്തിനകം അത് സർക്കാരിലേക്ക് (ഗവ. സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പ്) സമർപ്പിക്കേണ്ടതുമാണ്. അപേക്ഷ പരിഗണനാർഹമാണെന്ന് ഭരണ വകുപ്പിന് ബോദ്ധ്യപ്പെടുന്ന പക്ഷം, പ്രവേശന

കാലാവധി അനുവദിക്കുന്നതിലേക്കായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്ത് ഉത്തരവ് തേടേണ്ടതാണ്. ഇപ്രകാരമുള്ള അപേക്ഷകൾ ഭരണ വകുപ്പ് അടിയന്തര പ്രാധാന്യം നൽകി തീർപ്പാക്കേണ്ടതാണ്. ഇപ്രകാരം പ്രവേശന കാലാവധി അനുവദിക്കുന്നത് ഒറ്റത്തവണത്തേക്കായി പരിമിതപ്പെടുത്തേണ്ടതും പ്രവേശന കാലാവധി അനുവദിച്ചുകൊണ്ടുള്ള അറിയിപ്പിൽ അത് വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

(x) പോലീസ്, എക്സൈസ്, ഫയർഫോഴ്സ് മുതലായ സേനാവിഭാഗങ്ങളിലെ നിയമനങ്ങളിൽ പ്രവേശന കാലാവധി അനുവദിക്കുന്നതിന് യുക്തമായ വ്യവസ്ഥകൾ ഏർപ്പെടുത്തികൊണ്ട് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ഇപ്രകാരം പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കാത്ത പക്ഷം മേൽ പരാമർശിച്ച വ്യവസ്ഥകൾ പ്രസ്തുത സേനാ വിഭാഗങ്ങളിലെ നിയമനങ്ങൾക്കും ബാധകമായിരിക്കും.

(xi) എല്ലാ നിയമനാധികാരികളും, സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകളും പ്രവേശന സമയം ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ ത്വരിതഗതിയിൽ തീർപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷകർക്ക്, പ്രത്യേകിച്ചും അപേക്ഷ നിരസിക്കപ്പെടുന്ന സാഹചര്യത്തിൽ , പരോക്ഷമായി സമയം ദീർഘിപ്പിക്കുന്നതിന്റെ ആനുകൂല്യം ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകുന്നതിന് ഇടയാക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ഒരു അപേക്ഷ നിരസിക്കേണ്ടി വരുന്ന സാഹചര്യത്തിൽ നിരസിച്ച വിവരം ഉദ്യോഗാർത്ഥിയെ കത്ത് മുഖാന്തിരം രജിസ്റ്റേർഡ് പോസ്റ്റിൽ അക്നോളഡ്ജ് മെന്റ് സഹിതം (Regd. With AD) അറിയിക്കേണ്ടതും, പ്രസ്തുത കത്ത് കൈപ്പറ്റി പത്ത് ദിവസങ്ങൾക്കുള്ളിൽ ജോലിയിൽ പ്രവേശിക്കുവാൻ ഉദ്യോഗാർത്ഥിയ്ക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

(xii) പ്രവേശന സമയം ദീർഘിപ്പിച്ചു ലഭിക്കുന്ന / അപേക്ഷ നിരസിക്കപ്പെട്ട ഉദ്യോഗാർത്ഥികൾ ഡ്യൂട്ടിയിൽ പ്രവേശിക്കുന്നത് നിയമന ഉത്തരവ് തിയതി മുതൽ മൂന്ന് മാസങ്ങൾക്ക് (90 ദിവസങ്ങൾക്ക്) ശേഷമാണെങ്കിൽ, ടിയാളുടെ സീനിയോറിറ്റി KS& SSR ഭാഗം രണ്ട് ചട്ടം 27(സി)യുടെ ഒന്നാമത്തെ പ്രൊവിസോ പ്രകാരമായിരിക്കും നിശ്ചയിക്കുന്നത്. പ്രവേശനസമയം ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അപേക്ഷ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ/ നിരസിച്ചുകൊണ്ടുള്ള കത്തിന്റെ തീയതിയോ, അത് കൈപ്പറ്റുന്ന തീയതിയോ ഇക്കാര്യത്തിൽ പ്രസക്തമായിരിക്കില്ല. ഇക്കാര്യം പ്രസ്തുത ഉത്തരവ്/ കത്തിൽ നിർബന്ധമായും വ്യവസ്ഥ ചെയ്യേണ്ടതാണ്.

(xiii) NJD (Not Joining Duty) ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് മുമ്പായി, പ്രവേശന സമയം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് ഉദ്യോഗാർത്ഥികളുടെ അപേക്ഷകളൊന്നും നിയമനാധികാരി/ സർക്കാർ തലത്തിൽ തീർപ്പാക്കുവാനില്ല എന്നും, പ്രവേശന സമയം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നിരസിച്ച അറിയിപ്പ് ഉദ്യോഗാർത്ഥി കൈപ്പറ്റി പത്തു ദിവസങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട് എന്നും വകുപ്പ്

മേധാവികൾ/ നിയമനാധികാരികൾ ഉറപ്പ വരുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ വരുത്തുന്ന വീഴ്ച ഗൗരവമായി കാണുന്നതായിരിക്കും.

4. സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതിന് സമയം അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനും അപേക്ഷകന് Regd with AD ആയി മറുപടി നൽകാനുമുള്ള വ്യവസ്ഥ കൃത്യമായി പാലിക്കേണ്ടതാണ്.

5. മേൽ നിർദ്ദേശങ്ങളെല്ലാം എല്ലാ നിയമനാധികാരികളും, വകുപ്പ് മേധാവികളും, സെക്രട്ടേറിയറ്റിലെ എല്ലാ ഭരണ വകുപ്പുകളും കൃത്യമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**Dr.ആഷ തോമസ് ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)
കമ്മീഷണർ, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ( ആമുഖകത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ്ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
എല്ലാ വകുപ്പ മേധാവികൾക്കും / നിയമനാധികാരികൾക്കും,
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിയ്ക്കുന്നതിനായി)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്
വകുപ്പിന്റെ www.pard.kerala.gov.in എന്ന ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റാക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Ramya A R

സെക്ഷൻ ഓഫീസർ